
Little Kites
We Play* We Explore* We Learn*
ദ്യുതി
little KITEs
little kites 2022-23

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എക്സിക്യൂട്ടീവ് എഡിറ്റർ : യമുനാദേവി എം.എസ്
ഹെഡ്മിസ്ട്രസ്സ്

ചീഫ് എഡിറ്റർ : പ്രമോദ് കുമാർ .കെ
SITC & KITE MASTER

അംഗങ്ങൾ :
1. ABHINAV KRISHAN.T
2. ADISH
3. DEVADARSHAN
4. GAUTHAM GANGAN
5. SHEEBA B S
6. ARCHANA M K
7. PRASEENA

കവർ ഡിസൈൻ : അഭിനവ് കൃഷ്ണൻ ടി


# സന്ദേശം



ചട്ടഞ്ചാൽ സെക്കന്ററി സ്കൂൾ കാസർഗോഡ് ജില്ലയിലെ വിദ്യാഭ്യാസ ഭൂപടത്തിൽ എല്ലാ രംഗത്തും മികവിന്റെ മണ്ണായി മാറിയിരിക്കയൂയാണ്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പ്രസിദ്ധീകരിക്കുന്ന ഇ-മാഗസിൻ ദ്യുതിക്ക് എല്ലാ ആശംസകളും നേരുന്നു .

**കെ . മൊയ്തീൻ കുട്ടി ഹാജി**
**മാനേജർ**
**ചട്ടഞ്ചാൽ HSS**

# സന്ദേശം



**സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് സംരംഭത്തിന്റെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ഡിജിറ്റൽ ലോകത്തേക്ക് കുട്ടികളുടെ സർഗാത്മകതയെ ഉയർത്താനും അത് വഴി അന്യമായിക്കൊണ്ടിരിക്കുന്ന വായന ശീലത്തെ വളർത്തിയെടുക്കുവാനും ഈ സംരംഭത്തിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു**

ശ്രീ . മുഹമ്മദ് ഇക്ബാൽ
പി.ടി.എ **പ്രസിഡണ്ട്**

# സന്ദേശം



ഡിജിറ്റൽ യുഗത്തിൽ  നൂതന സാങ്കേതിക വിദ്യകളുടെ വ്യാപനത്തിനിടയിൽ വായനയുടെയും അക്ഷരങ്ങളുടെയും  ലോകത്തേക്ക് ഒരു ഇ - മാഗസിനിന്റെ  കടന്നു വരവ് തികച്ചും  സന്തോഷകരമായ കാര്യമാണ്. കാലം മാറുന്നതിനനുസരിച്ച്   ജീവിതവും സമീപനവും മാറുമ്പോൾ  കുട്ടികളും വായനയ്ക്ക് പുതിയ മാർഗങ്ങൾ കണ്ടെത്തട്ടെ എന്നാശംസിക്കുന്നു.

ശ്രീ ടോമി എം ജെ
പ്രിൻസിപ്പാൾ

# സന്ദേശം



വായനയുടെയും അക്ഷരങ്ങളുടെയും ലോകത്തേക്ക് ദ്യുതി എന്ന ഈ ഡിജിറ്റൽ മാഗസിന്റെ കടന്നു വരവ് സന്തോഷകരമായ കാര്യമാണ്. ഇതിന്റെ അണിയറ പ്രവർത്തകരെയെല്ലാം അഭിനന്ദിക്കുന്നതോടൊപ്പം വായനയ്ക്ക് പുതിയ ദ്യുതി കണ്ടെത്താൻ കുട്ടികൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു

ഹെഡ്മിസ്ട്രസ്സ്
ശ്രീമതി യമുന ദേവി എം. എസ്

# എഡിറ്റോറിയൽ



വിവര സാങ്കേതിക വിദ്യയുടെ കുതിപ്പിനൊപ്പം കുട്ടികളുടെ ഭാഷാ ശാസ്ത്രപരമായ ബുദ്ധി ഉത്തേജിപ്പിക്കുന്നതിലും, സ്വതന്ത്രമായ ചിന്താഗതിയോടെ അവരുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനും E-Magazine ഉദ്യമത്തിലൂടെ സാധിക്കുമെന്ന് പ്രത്യാശിക്കുകയാണ്.പാഠപുസ്തകത്തിലെ അതിരുകൾക്കപ്പുറം സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്താൻ സ്കൂളുകളിലെ ഐ ടി ക്ലബ്ബുകൾ മഹത്തായ പങ്കു വഹിക്കുന്നു. ഐ ടി വിജ്ഞാനം പരിപോഷിക്കുന്നതോടൊപ്പം വിവര സാങ്കേതിക വിദ്യയെ സമൂഹവുമായി ബന്ധപ്പെടുത്തുന്നതിന് ഇതിന്റെ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ട് .

ഡിജിറ്റൽ മാഗസിൻ എന്ന സംരംഭം ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്യത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പാക്കിയത് മുതൽ അക്ഷരങ്ങൾക്ക് വർണ്ണ വിസ്മയം നൽകിയും സർഗ്ഗ വാസന സൃഷ്ടികൾക്ക് ഡിജിറ്റൽ രൂപം നൽകിയും നവ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഈ സംരംഭത്തിൽ കുട്ടികൾ മൽസര ബുദ്ധിയോടെ പ്രവർത്തിക്കുകയാണ്. പ്രകാശം എന്ന് അർഥം വരുന്ന ""ദ്യുതി " എന്ന ഈ ഡിജിറ്റൽ മാഗസിനിന്റെ സർഗാത്മക വിരുന്നു ആസ്വദിക്കുവാൻ എല്ലാവരെയും ക്ഷണിക്കുന്നതോടൊപ്പം വരും തലമുറയ്ക്ക് ഡിജിറ്റൽ ലോകത്തേക്ക് ഒരു "ദ്യുതി " ഉണ്ടാക്കാൻ ഈ ഇ-മാഗസിന് സാധിക്കുമെന്ന പ്രത്യാശയോടെ സ്നേഹപൂർവ്വം സമർപ്പിക്കുന്നു


**ചീഫ് എഡിറ്റർ**

**പ്രമോദ് കുമാർ . കെ**

# Table of contents

**PAINTING NATURE** ..................................................................................... ...9
കൂട്ടുകാരി......................................................................................... . ...10
അമ്മുക്കുട്ടിയും അണ്ണാൻ കുഞ്ഞും............................................ . ..11
ആധുനീക കാലത്ത് വിദ്യാഭ്യാസം ............................................ .. ..13
**ശപിക്കപ്പെട്ട യുഗം**.................................................................. ..16
**നന്മയ്ക്ക് കിട്ടിയ സമ്മാനം**..........................................................22
**മാനത്തെ മഴവില്ല്**........................................................................ ...24
**ബാല്യം**................................................................................................25
**കാത്തിരിപ്പ്**........................................................................................26
Cursed Generation..............................................................................31
ALONITUDE............................................................................................ 33
SUICIDE BY TREE...................................................................................32
MILKY, THE BELOVED DOG.......................................................................35
**മൂന്നു കവിതകൾ** ...............................................................................39
**യന്ത്രക്കോലം** ....................................................................................41
**നന്ദി** ........................................................................................ 50

# PAINTING NATURE



---Shafreena

# <u>കൂട്ടുകാരി</u>

ക്ലാസ് മുറിയുടെ ജനാലയിൽ നിന്നും
    ദൂരത്തേക്ക് നോക്കി.
കണ്ണിൽ ആകാശം നിറച്ചവളാണെൻ
    കൂട്ടുകാരി.
അതിൽ നിന്നൊരു ഭാഗം ആകാശം
എന്റെ കൈവെള്ളയിൽ വച്ചപ്പോൾ
ഞാനൊരു നക്ഷത്രമായ് മാറുന്നു
നക്ഷത്രങ്ങൾ കണ്ണിറുക്കുമ്പോൾ പാതി-
ഇരുട്ടായ്, ഇരുട്ടിലെ നിലാവായ്
എന്നോട് പുഞ്ചിരിക്കുകയാണവൾ
    വീണ്ടും.
അവളാണെൻ ഭൗദമാപരിതലത്തിലെ
    കുളിർവാതിൽ
തുറക്കുന്നത്... ... ...
എന്നിലെ പൂ വിരിയണമെങ്കിൽ എന്നരികിലെ -
    ഒരു പൂമ്പാറ്റയായ് അവളുണ്ടാകണം
ആ ഹൃദയം എന്നും എന്നിൽ
    മഴയായ് പെയ്യുന്നു... ... ...



**-ദേവനന്ദ കെ.സി.**

# അമ്മുക്കുട്ടിയും അണ്ണാൻ കുഞ്ഞും

അണ്ണാൻ കുഞ്ഞിന്റെ ശബ്ദം കേട്ട് പഠനമുറിയിൽനിന്ന് പുറത്തിറങ്ങിയ അമ്മുക്കുട്ടി ഓടിചെന്ന് തന്റെ വീടിന്റെ മുറ്റത്തുള്ള തേന്മാവിലേക്ക് എത്തി നോക്കി. ആ തേന്മാവിലാണ് കുയിലമ്മയുടെയും അണ്ണാൻ കുഞ്ഞിന്റെയും അണ്ണാൻ കുഞ്ഞിന്റെ അമ്മയുടെയും വാസസ്ഥലം. പാവം അണ്ണാൻ കുഞ്ഞ് അമ്മയെ കാണാത്തതുകൊണ്ട് കരയുകയാണ്. അത് കുയിലമ്മയോട് കേട്ട് വന്ന കുയിലമ്മ അണ്ണാൻ കുഞ്ഞിനോട് ചോദിക്കുകയാണ് " എന്തിനാണ് അണ്ണാൻകുഞ്ഞേ നീരയുന്നത്. ” “എന്റെ അമ്മയെ കാണുന്നില്ല. അമ്മഭക്ഷണംതേടി പോയതാണ്. അമ്മ തിരിച്ചെത്തേണ്ട സമയം കഴിഞ്ഞിരിക്കുന്നു. ” അണ്ണാൻ കുഞ്ഞ് കുയിലമ്മയോട് തിരിച്ച് മറുടി പറഞ്ഞ്കരയാൻ തുടങ്ങി. ഇതെല്ലാം കേട്ട് നിൽക്കുകയായിരുന്ന അമ്മുക്കുട്ടി അണ്ണാൻകുഞ്ഞിനെ ആശ്വസിപ്പിച്ച്. അണ്ണാൻകുഞ്ഞിന്റെ അമ്മയെ തിരഞ്ഞ് നടന്നു. അണ്ണാൻ കുഞ്ഞിന്റെ അമ്മയെ തിരഞ്ഞുനടന്ന അമ്മുക്കുട്ടി കണ്ട കാഴ്ച്ച അവളെ വളരെ അത്ഭുതപ്പെട്ടുത്തി. വേടന്റെ കെണിയിൽ അകപ്പെട്ട അണ്ണാൻ കുഞ്ഞിന്റെ അമ്മ അതിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയാണ് അമ്മുക്കുട്ടി ഒരു വേടൻ

-



വരുന്നതുകണ്ട അണ്ണാൻ കുഞ്ഞിന്റെ അമ്മയുടെ അടുത്തേക്ക് പെട്ടെന്ന് ഓടിപ്പോയി. ഓടുന്നതിനിടയിൽ കാലിടറിവീണ അമ്മുക്കുട്ടിക്ക് അണ്ണാൻ കുഞ്ഞിന്റെ അമ്മയെ രക്ഷിക്കാൻ കഴിഞ്ഞില്ല. അപ്പോഴേക്കും ആ വേടൻ വന്ന് ആ പാവം അണ്ണാൻ കുഞ്ഞിന്റെ അമ്മയെ എടുത്തുകൊണ്ട് തന്റെ വീട്ടിലേക്ക് പോയി. ആ വേടനെ പിന്തുടർന്ന അമ്മുക്കുട്ടി വേടന്റെ കണ്ണുവെട്ടിച്ച് ആ അണ്ണാൻ കുഞ്ഞിന്റെ അമ്മയെ രക്ഷിച്ചു കൊണ്ട് വരുന്നു. അയെമ്മ കണ്ട സന്തോഷത്തിൽ അണ്ണാൻ കുഞ്ഞ് തുള്ളിച്ചാടി. തന്റെ ജീവൻ രക്ഷിച്ചതിന് അണ്ണാൻ കുഞ്ഞിന്റെ അമ്മ അമ്മുക്കുട്ടിയോട് നന്ദി പറഞ്ഞു. അങ്ങനെ അവർ എല്ലാവരും കൂടി ഒത്തൊരുമിച്ച് സന്തോഷത്തോടെ ജീവിക്കാൻ തുടങ്ങി.

-ശിവദ. എസ്.കെ



# ആധുനീക കാലത്ത് വിദ്യാഭ്യാസം

ആധുനിക ലോകത്ത് വദ്യാഭ്യാസം ഏറെ പ്രാധാന്യമർഹിക്കുന്നുണ്ട് ഓരോ നിമിഷവും നവീകരിക്കപ്പെടുന്ന പുതു ലോകത്ത് വിദ്യാഭ്യാസം വലിയ പങ്ക് വഹിക്കുന്നുണ്ട്. മത്സരാധിഷ്ഠിത ലോകത്തെ അതിജീവിക്കാൻ മികച്ച് വിദ്യാഭ്യാസം തന്നെ ആർജിക്കേണ്ടതുണ്ട്. സാമൂഹിക-സാങ്കേതിക വളർച്ചയ്ക്കും മാനസിക വളർച്ചയിക്കും മനുഷ്യരുടെ സ്വാഭാവഘടനയുടെ രൂപികരണത്തിലും വിദ്യാഭ്യാസം ഏറെ സ്വാധീനം ചെലുത്തുന്നു. പ്രശ്നപരിഹാരങ്ങളിലും പ്രതികൂല സാഹചരിയങ്ങളെ അതിജീവിക്കുവാനും പുതുതലമുറയ്ക്ക് ഏറെ അത്യാവശ്യമാണ് വിദ്യാഭ്യാസം.

# വികസനവും വിദ്യാഭ്യാസവും

വിദ്യാസമ്പന്നരുടെ സാമൂഹം വികസനത്തിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്നു. ജീവിതത്തിന്റെ പുരോഗതിയും വികസനവും ശാസ്ത്രസാങ്കേതികര വിദ്യയ ആശ്രയിക്കുന്നു. അതിന്റെ പുരോഗതിയിൽ സമൂഹവും ജീവിതവും നിർഭയമായ മാർഗങ്ങൾ സ്വീകരിക്കുന്നു.

വിദ്യാഭ്യാസം മികച്ച ജോലി, വരുമാനം, സുഖസൗകര്യ പ്രദമായ ജീവിതം എന്നിവയ്ക്ക് വഴി വയ്ക്കുന്നു. ഇതിലൂടെ ദാരിദ്ര്യനിരക്ക് കുറയുന്നു. ജീവിതനിലവാരം കൂടുമ്പോൾ സമൂഹത്തിന്റെ വികസവ്യാപ്തി കൂടുന്നു രാജ്യം പുരോഗമിക്കുന്നു. കൂടാതെ വിദ്യാസമ്പന്നരുടെ ലോകം അവരുടെ പിൻതലമുറകളെയും വിദ്യാഭ്യാസത്തിന്റെ പ്രധാന്യത്തെക്കുറിച്ചു അവബോധരാക്കുന്നു. വിദ്യാഭ്യാസം ഉറപ്പാക്കുന്നു.

# നിരക്ഷരരുടെ ലോകം

നിരക്ഷരരും അജ്ഞരുമായ ഒരു സമൂഹം അവരുടെ ജീവിതത്തിൽ ഏറെ കഷ്ടപ്പാടുകൾ നേരിടേണ്ടിവുരുന്നു. സ്വന്തം കാലിൽ നിൽക്കാൻ കഴിയാത്ത ഒരു സമൂഹം ആശ്രയിച്ച് കഴിയേണ്ടി വരുന്നുട അവർക്ക്. അത്തരം ജനങ്ങളെ ഒരിക്കലും വിലകുറച്ച് കാണുകയല്ല, മറിച്ചു അവരുടെ ജീവിതം പാഠമായ് ഉൾക്കൊണ്ടുകൊണ്ട് നമുക്ക ലഭിക്കുന്ന മികച്ച വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുകയാണ് ചെയ്യേണ്ടത്

# മെച്ചപ്പെട്ട രാഷ്ട്രീയം

<u>ഒരു രാജ്യത്തിന്റെ വികസനത്തിനും ഉന്നതിയ്ക്കും ജനക്ഷേമമനുഷിക്കുവാനും നിയോഗക്കപ്പെട്ടുന്നവരാണ് രാഷ്ട്രീയ നേതാക്കൾ, മന്ത്രിമാർ, MLA മാർ</u> തുടങ്ങിയവർ. രാഷ്ട്രീയം ഇന്ന് കമ്പോളവൽകരിക്കപ്പെട്ടുകയമാണ്. പണത്തിനും സ്ഥാനമാനങ്ങൾക്കും മാത്രം പ്രാധാന്യം നൽകുന്ന മത്സരാർഥികളിൽനിന്നും രാജ്യത്തിന്റെ വളർച്ചയ്ക്കും ജനക്ഷേമത്തിനും പ്രാധാന്യം നൽകുന്നവരെ

തിരഞ്ഞെടുക്കുന്നതിൽ വിദ്യാസമ്പന്നർ മുന്നേറുകയും ശരിയായതും നിഷ്പക്ഷവുമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

## ലിംഗസമത്വം

ശരിയായ വിദ്യാഭ്യാസം സ്ത്രീ പുരുഷ സമത്വത്തിലേക്ക് നയിക്കുന്നു. സ്ത്രീയും പുരുഷനും തുല്യരാണെന്ന കാഴ്ചപ്പാട് വളർത്തിയെടുക്കേണ്ടത് സ്കൂളുകളിൽ നിന്നും തന്നെയാണ്. സ്ത്രീയ്ക്കും പുരുഷനും തുല്യ ജോലി സാധ്യതയും ഉയർത്തണം അതിനൊപ്പം സ്ത്രീ പുരഷ സമത്വം ആധുനിക സമൂഹത്തിലും ഉറപ്പാക്കപ്പെടുന്നു. എല്ലാ മേഖലകളിലും തുല്യരായി ജോലിചെയ്യാൻ വിദ്യാഭ്യാസത്തിലൂടെ സാധ്യമാതകുന്നു.

## ഗാന്ധിജിയും വിദ്യാഭ്യാസ കാഴ്ചപ്പടുകളും

ഗാന്ധിജിയുടെ ജീവിതദർശനങ്ങളും കാഴ്ചപാടുകളും സ്വാതന്ത്ര ഇന്ത്യയെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. എങ്കിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നത് മാത്രം വേണ്ടത്ര പ്രാധാന്യത്തോടെ സ്വീകരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ഏറെ മഹത്തരവും അർത്ഥവത്തായതുമാണ്. വിദ്യാഭ്യാസത്തെ കേവലം പുസ്തകങ്ങളിലൊതുക്കുന്ന പുതുസംസ്കാരത്തെ അട്ടിമറിക്കാനുതകുന്നതണ്. ഗാന്ധിജിയുടെ ദർശനം സത്സ്വഭാവരൂപികരണത്തിനുംശരിയായ ജീവിതരീതികൾ മനസിലാക്കുവാനും, കഠിനാധ്വാനം, അഹിംസ തുടങ്ങിയ ജീവിതനൈപുണ്യങ്ങളെ പ്രാവർത്തികമാക്കാനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സഹായകമാകും എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്

## വെല്ലുവിളികൾ

- ബാല്യകാലത്ത് തന്നെ ജീവിതബാധ്യതകളേറ്റെടുക്കേണ്ടി വരുന്ന കുട്ടിൾക്ക് വിദ്യഭ്യാസ സാധ്യതകൾ കുറയുന്നു. ഇന്ത്യയിലെ കണ്ണെത്താമൂലകളിൽ അത്തരം കുട്ടികൾ ഇപ്പോഴും ബാലവേല ചെയ്ത് ജീവിക്കേണ്ടിവരുന്നത്

- വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോ ധവന്മാരല്ലാത്ത രക്ഷിതാകൾ

- അടിസ്ഥാന വിദ്യാഭ്യാസത്തിലെ പിഴവുകൾ
- വിദ്യാഭ്യാസത്തെ പുസ്തകങ്ങളിലൊതുക്കുന്ന അവസ്ഥ. പുസ്തകങ്ങളിലെ ഗണിതത്തിനു ചരിത്രത്തിനുമപ്പുറം ഒരു വിദ്യാർത്ഥിയുടെ സ്വഭാവരൂപികരണത്തിന് അത്യാവശ്യമായ ഘടകങ്ങൾ പഠിപ്പിക്കാത്ത അവസ്ഥ. ധാർമികത, അച്ചടക്കം, ബഹുമാനം, മാനവികത തുടങ്ങിയ മൂല്യങ്ങൾ വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്നില്ല. തൽകാരണം യുവതലമുറ കുറ്റകൃത്യങ്ങളിലേക്ക് നീങ്ങുന്നു

# പരിഹാരങ്ങൾ

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതികൾ അവലംബിക്കുക
- സ്കൂളുകളിൽ, വൃദ്ധസദനങ്ങൾ, ജുവനൈൽ ഹോം, തുങ്ങിയ സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിച്ച് വിദ്യാർത്ഥികൾക്ക് ജീവിതപാഠങ്ങൾ നൽകുക
- വ്യത്യസ്ത ജീവിതസാഹചര്യങ്ങളെ എതിരിടാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്ന രീതിയിലുള്ള കർമ്മാധിഷ്ഠിത വിദ്യാഭ്യാസ രീതികൾ നടപ്പിലാക്കുക.
- വിദ്യഭ്യസത്തിന്റെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക.

-

*അനന്യ.ടി 10 M*

# ശപിക്കപ്പെട്ട യുഗം

ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ ലോകം കണ്ടതിൽ ഏറ്റവും വലിയ മഹാമാരി ഏതാണ് എന്ന ചോദ്യത്തിന് ഉത്തരമായി 90% ആളുകളും പറയിക 2019 ഡിസംബറിൽ ചൈനീസ് നഗരമായ വുഹാനിൽ പൊട്ടിപ്പുറപ്പെട്ട കൊറോണ വൈറസ് അഥവാ കോവിഡ്-19 എന്നാകാം. എന്നാൽ ഇതിൽ 10% ആളുകൾ എങ്കിലും മറിച്ച് ചിന്തിക്കുന്നവരാകാം. അതിൽ ഉൾപ്പെടുന്ന ഒരാളായാണ് ഈ ലേഖനം ഞാൻ തയ്യാറാക്കുന്നത്.

ഇന്ന് ഈ ഡിജിറ്റൽ യുഗതിൽ സ്വന്തം സ്വാർത്ഥതാത്പര്യങ്ങൾ തേടിപ്പോകുന്ന മനുഷ്യരിൻ ഭൂരി ഭാഗവും വിഷാദരോഗം(depression) എന്നതിന് അടിമകളാകാം. ഒരു സാധരണ മാനസികാരോഗ്യ അവസ്ഥയാണ് വിഷാദം. 2022 ലെ കണക്കുകൾ പരിശോധിച്ചാൽ 15.08% യുവാക്കാൾ(പ്രായം 12-17) വിഷാദരോഗം അനുഭവിച്ചവരായി കാണാം. എന്നാൽ ഇതിന് കാരണം കേവലം ഹോർമോൺ മാറ്റങ്ങളും, ജീവിതത്തിൽ അനുഭവിക്കുന്ന സമ്മർദ്ദവും മാത്രമാണോ? അല്ല. ഇവയെല്ലാം അതിലൊരു ഘടകമാണെങ്കിൽ കൂടി ഇതിന്റെ മുഖ്യകാരണം എന്നത് ഇന്നത്തെ തലമുറയുടെ ജീവിതശൈലി ആണ്. വെറും വിഷാദരോഗത്തിനപ്പുറം കാൻസർ, ഹൃദ്രോഗം, തുടങ്ങിയ മാരകരോഗങ്ങളുടെയും പ്രധാനകാരണാമായി ഇന്ന് നിലനിൽക്കുന്നത്. ഇന്നത്തെ തലമുറയുടെ നിയന്ത്രണമില്ലാത്ത ജീവിത ശൈലിയാണ്.

ഇന്ന് മുതിർന് പൗരന്മാർ എന്നതിലധികം മിക്ക യുവജനങ്ങളും കൗമാരപ്രായക്കാരും മദ്യം മൊബൈൽ

ഫോൺ തുടങ്ങിയവയിൽ ജീവിതം അടിയറ വെച്ച് മുന്നേറുന്നവരാണ്. തികച്ചും ലജ്ജിതം!

"കരളും ചകർന്നിടാൻ വയ്യെന്റെ പ്രണയമേ
പകുതിയും കൊണ്ടുപോയ് ലഹരിയുടെ പക്ഷികൾ"

എന്ന പ്രശസ്ത കവി എ. അയ്യപ്പന്റെ വാക്കുകൾ അന്വർത്ഥമാകും വിധത്തിലുള്ള കാര്യങ്ങളാണ് ഇന്ന് നമുക്ക് കാണാൻ സാധിക്കുക. മുതിർന്നവരേക്കാൾ ഒരുപക്ഷെ യുവാക്കളും, കൗമാരപ്രായക്കാരുമാണ് ഇതിന്റെ പിടിയിൽ പ്രധാനമായും അകപ്പെട്ടുകൊണ്ടിരിക്കുന്നത്. ആൺപെൺ വ്യത്യാസമില്ലാത്ത ഇന്ന് ഇവർ മയക്കുമരുന്ന് മദ്യം പോലുള്ളവയ്ക്ക് അടിമയാകുന്നു.

ഒരു കൗതുകത്തിന് പുറത്ത് ഉപയോഗിച്ച് തുടങ്ങി പിന്നീട് ഇതിൽ നിന്ന് കരകയറാൻ പറ്റാത്തവിധം കുരുക്കിൽ പെട്ടുപോയവരാകാം ഭൂരിഭാഗം പേരും. എന്നാൽ മറ്റുചിലർ തങ്ങളുടെ മാനസികസമ്മർദ്ധം കൈകാര്യം ചെയ്യുന്നതിനുള്ള ഒരു മാർഗമായും മദ്യം ഉപയോഗിക്കുകയും. പിന്നീട് അത് ജീവിതത്തിൽ നിന്ന് ഒഴിവാക്കിമാറ്റാൻ പറ്റാത്തവിധം അതിൽ അടിമപ്പെടുകയും ചെയ്യുന്നു. താത്കാലിക സുഖങ്ങൾക്കും നൈമിഷിക സന്തോഷങ്ങൾക്കുമായി ലഹരി ഉപയോഗിച്ച് ആഹ്ലാദിക്കുന്നവർ ചിന്തിക്കുന്നില്ല ഈ സന്തോഷത്തിനും നൈമിഷികമായ സുഖങ്ങൾക്കും ഒരു ജീവിതത്തിന്റെ വിലകൊടുക്കേണ്ടി വരുമെന്ന.

ഇന്ന് ലഹരിമരുന്ന് വേട്ടയിൽ പിടിക്കപ്പെടുന്നത് മിക്കവാറും യുവജനങ്ങളാണ്. ഡി. ജെ ആഘോഷങ്ങൾ, ഹൗസ് ബോട്ട് പരിപാടികൾ വിവാഹ പാർട്ടികൾ

എന്നിവയ്ക്കായി മരുന്നും മദ്യവും എത്തിച്ചുകൊടുക്കുന്നവരാണ് പിടിക്കപ്പെടുന്നതിൽ ഏറെയും. ഇന്ന് ലോകത്ത് അക്രമണങ്ങൾ വർദ്ധിച്ചുവരുകായാണ്. എന്തിനേറെപ്പറയണം നമുക്കു ചുറ്റും ദിനംപ്രതി കേൾക്കുന്ന വാർത്തകൾ തന്നെ ഇതിനുസാക്ഷിയാണ്. എവിടെത്തിരിഞ്ഞുനോക്കിയാലും കൊലപാതകങ്ങളും പീഡനങ്ങളും ഒന്ന് കൃത്യമായി പരിശോധിച്ചാൽ രാജ്യത്ത് ഇന്നു നടക്കുന്ന പല കുറ്റകൃത്യങ്ങളുടെയും പിറകിൽ മുഖ്യ പങ്കുവഹിക്കുന്ത് ലഹരിയാൽ സ്വബോധം നഷ്ടപ്പെട്ടവരാണ്. ക്രിമിനൽ പ്രവർത്തനങ്ങളിലും അക്രമണങ്ങളിലുമെല്ലാം മദ്യപാനത്തിന് വലിയ പങ്കുണ്ട്. അമിതമായ മദ്യപാനത്തിന് ഒരു വ്യക്തിയുടെ വിവേചനത്തെ തടസപ്പെടുത്താനും അക്രമണാത്മക സ്വഭാവങ്ങളുടെ സാധ്യത വർദ്ധിപ്പിക്കാനും കഴിവുണ്ട്, ലഹരിയുടെ ഉപയോഗം മൂലവും ഇത് സംഭവിക്കാം. ലോകത്തെ മുഴുവൻ ഗ്രസിക്കാനായി വാപിളർന്നു നിൽക്കുന്ന വ്യാളിയോട് നമുക്കിതിനെ ഉപമിക്കാം. തീയിലേക്ക് ചാഞ്ഞടുക്കുന്ന ഇയ്യാംപാറ്റകളെപ്പോലെ നമ്മുടെ കൗമാര യൗവനങ്ങൾ ഇവയുടെ ആകർഷണ വലയത്തിൽഇ അകപ്പെടുന്നു. ഒരു തവണ ഇവയുടെ പിടിൽ അകപ്പെട്ടാൽ (ഇവയുടെ ഉപയോഗത്തിൽ ആകൃഷ്ടതേയാൽ) പിന്നെ ഇതിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടുക പ്രയാസാമാണ്. എത്രയെഎത്ര ജീവിതങ്ങൾ മദ്യം എന്ന പിശാചിന്റെ വലയിൽ അകപ്പെട്ട് കൊഴിഞ്ഞുപോയിരിക്കുന്നു. മദ്യം ഉപയോഗിക്കുന്ന വ്യക്തിയെക്കാൾ, എന്നതിലധികമായി ഒരു കുടുംബത്തിന്റെ പ്രതീക്ഷയും ഒരു നാടിന്റെ മുഴുവൻ അഭിമാനവുമായി വളർന്നുമരേണ്ട കൗമാരപ്രായക്കാരും ഇതിന്റെ പിടിയിൽ അകപ്പെടാതെ സുരക്ഷിതരാക്കാം.

ഇന്ന് ഈ യുഗത്തെ കാർന്നുതിന്നു കൊണ്ടിരിക്കുന്ന സാമൂഹിക പ്രതിസന്ധി മദ്യവും മറ്റ് ലഹരി വസ്തുക്കളും മാത്രോ? അല്ല എന്നത് ഏവർക്കും അറിവുള്ള ഒരു കാര്യം തന്നെയാണ്. വിരലിൽ എണ്ണിത്തീർക്കാൻ കഴിയുന്നതിലുമപ്പുറം ഒരു പാട് സാമൂഹിക പ്രതിസന്ധികൾ ഇന്ന് ഈ യുഗം അനുഭവിക്കുകയും നേരിടേണ്ടിയും വരുന്ന. അതിൽ മുഖ്യമായ ഒരു വിഷയം ലഹരി തന്നെയാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. എങ്കിലും ലഹരിവസ്തുക്കൾ എന്നപോലെ ഒരുപക്ഷെ അതിനേക്കാൾ അധികം ഈ ന്യൂജെൻ യുഗത്തെ നശിപ്പിച്ചുക്കൊണ്ടിക്കുന്ന മറ്റൊരു ഘടകവും ഉണ്ട്. മറ്റെന്തിനേക്കാൾ അധികമായി ഈ വിഷയത്തിൽ ഉന്നൽ നൽകേണ്ടതും ഇതുനുതന്നെയാണ്. പലർക്കും അതെന്താണ് എന്ന് മനസ്സിലായിട്ടുണ്ടാകാം. അതെ മൊബൈൽ ഫോൺ. ഒരു ലോകത്തെ മുഴുവൻ നിയന്ത്രിക്കാൻ തക്ക വഴിവുള്ള ഒരു ചതുര കട്ട.

1973 എപ്രിൽ 3 ന് ന്യൂയോർക്കിൽവെച്ച് മാർട്ടിൻ കൂപ്പർ ഒരു ഹാൻഡ് ഫോൺ തയ്യാറാക്കുമപോൾ അറിഞ്ഞിരുന്നില്ല അത് ഈ ലോകത്തെ ഇത്രത്തോളം ബാധിക്കുമെന്ന്. ഇന്ന് ഒരു ജനതയെ മുഴുവൻ അടിമയാക്കിവെച്ച് മൊബൈൽ ഫോൺ വാഴുന്നു. ഇന്ന് ഫോൺ ഇല്ലാത്ത ജീവിതം ഓർക്കാൻ പോലും നമുക്ക് സാധിക്കില്ല കൂട്ടുകാരോട് സംസാരിക്കുന്നത് മുതൽ നമ്മുടെ നിത്യജീവിതത്തിലെ പ്രാധാനമായ ഒരുപാട് കാര്യങ്ങൾ മൊബൈലിൽ നമ്മെ ബന്ധിപ്പിച്ചിട്ടുന്നു. ഞാനുൾപ്പെടുന്ന ഈ സമൂഹത്തിലെ എല്ലാ വ്യക്തികളും ഒരു ദിവസം ഒരു മണിക്കൂർ എങ്കിലും ഇവയുടെ മുൻപിൽ ചിലവഴക്കുന്നവരാകാം. നമ്മുടെ ജീവിതത്തിൽ നാം എടുക്കുന്ന തീരുമാനങ്ങളെ പോലും മൊബൈൽ ഫോണുകൾ

നിയന്ത്രിക്കുന്നു. പ്രായഭേധമന്യേ ഓരോ വ്യക്തിയും ഇതിലെ മായികാവലയത്തിൽ അകപ്പെട്ടുകിടക്കുന്ന. മൊബൈൽ ഫോണുമായിതങ്ങളെ ബന്ധിപ്പിച്ചിട്ടിരിക്കുന്ന ഈ യുഗത്തിൽ ഒരു സാധാരണ സ്വഭാവമായി ഇവയും അമിത ഉപയോഗം നാം തള്ളിക്കളഞ്ഞേക്കാം. എങ്കിലും ഇതിന് ആഴത്തിലുള്ള പെരുമാറ്റപരവും സാമൂഹിക പരവുമായ സ്വാധീനമുണ്ട് എന്നതാണ് സത്യം. മൊബൈൽ ആസക്തി ആരോഗ്യത്തെയും, ബന്ധങ്ങളെയും, ജോലിയെയും വരെ സ്വാധിക്കുന്നു. കൂടാതെ മൊബൈൽ ഫോൺ തലച്ചോറിനെയും സാരമായി ബാധിക്കുന്നു. എന്തിനും, ഏതിനും ഇന്ന് മൊബൈൽ ഫോൺ ആശ്രയിക്കുന്നവരാണ് ഏവരും എന്ന് സംശയമുണ്ടെങ്കിലും അതിന് ഉടൻ ഉത്തരം ലഭിക്കും. അങ്ങനെ ഈ തലമുറയുടെ ചിന്തിക്കാനുള്ള ശേഷി വരെ നശിച്ചുപോകുന്നു. കൗമാരപ്രായയക്കാർ ഏകദേശം 7 മണിക്കൂർ മൊബൈൽ ഫോണിൽ ചിലവഴിക്കുന്നു എന്ന് കണക്കുകൾ രേഖപ്പെടുന്നു. ഇതിനോടനുബന്ധിച്ച് മാനസികമായ വൈകല്യവും ഇവർ നേരിടേണ്ടിവരുന്നു. കൂടാതെ ഇവയുടെ അമിതമായ ഉപയോഗം കണ്ണുകളേയും സാരമായി ബാധിക്കുന്നു. ഇവയുടെ പിടിയിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ അതിന് ഓരോരുത്തരും സ്വന്തമായി തന്നെ തീരുമാനിക്കണം. ഇന്ന് ഈ വോകത്തെ നേരിടുന്ന സാമൂഹിക പ്രശ്നങ്ങളെ ഉന്മൂലനം ചെയ്യാൻ ഒരു പാട് ക്ലാസ്സുകളും മറ്റും ലഭിക്കുന്നു. ലഹരിവിരദ്ധ ക്ലാസ്സുകളെല്ലാം അതിനുദ്ധാഹരണമാണ്. ഇവയെല്ലാം നിസ്സാരമായി പുച്ഛത്തോടെ തള്ളക്കളയുന്ന ഈ യുഗത്തിലെ ജനതയ്ക്ക് ഈ ഒരു ലേഖനവും തമാശയായി തോന്നും. തള്ളിക്കളയാം. എങ്കിൽ പോലും ഈ കുറിപ്പ് വായിക്കുന്ന ഒരവനെങ്കിലും താൻ തന്റെ മനസ്സാക്ഷിക്ക് വിപരീതമായി പ്രവർത്തിക്കുന്നു എന്ന

*തിരച്ചറിഞ്ഞ് ജീവിതത്തിലേക്് തിരിച്ചവരണമെന്ന ആഗ്രഹം അവന്റെ മനസ്സിൽ ഉടലെടുത്താൽ അതുതന്നെയാണ് എന്റെ വിജയെ*

***"നിങ്ങൾക്ക് നിങ്ങളുടെ ഭാവി മാറ്റാൻ കഴിയുകയില്ല എന്നാൽ നിങ്ങൾക്കു നിങ്ങളുടെ. ശീലങ്ങൾ മാറ്റാൻ കഴിയും. തീർച്ചയായും നിങ്ങളുടെ ശീലങ്ങൾ നിങ്ങളുടെ ഭാവിയെ മാറ്റും.***

**–- അബ്ദുൾ കലാം**

# നന്ദി,

**-ആൻമരിയ അഗസ്റ്റിൻ**
10 L

# നന്മയ്ക്ക് കിട്ടിയ സമ്മാനം

***പെട്ടന്നൊന്നും ആരു കടന്നുചെല്ലാത്ത ഒരു കുഗ്രാമത്തിലായിരുന്നു അമ്മു താമസിച്ചിരിന്നത്. ആ ഗ്രാമം ആരും കടന്നുചെല്ലാത്തപ്രദേശമാണെങ്കിലും വളരെ മനോഹരമായിരുന്നു. അമ്മുവിന്റെ വീട്ടിൽ അമ്മവും അവളുടെ മുത്തശ്ശിയും മാത്രമായിരുന്നു താമസിച്ചിരുന്നത്. അത്യാവശ്യം ഉറപ്പുള്ള, ഓടുമേഞ്ഞ ഒരു കൊച്ചുവീട്. അതായരുന്നു അവളുടെയും മുത്തശ്ശയുടെയും കൊട്ടാരം. ആ ഗ്രാമത്തിലെ അറിയപ്പെടുന്ന് ഒരു സ്ക്കുളിൽ എട്ടാം ക്ലാസിലാണ് അമ്മു പഠിക്കുന്നത്. അവൾക്ക് വലുതാകുമ്പോൾ കളക്ടർ ആവാനായിരുന്നു ആഗ്രഹം. പക്ഷേ അമ്മുവിന് പഠിക്കാൻ സമയം കിട്ടാറില്ലയാരുന്നു. കാരണം അവളാണ് വീട്ടുജോലികൾ മുഴവൻ ചെയ്യുന്നത്. അമ്മുവിന്റെ മുത്തശ്ശിക്ക് ജോലിയെടുക്കാനൊന്നും ആവതില്ലായിരുന്നു. അമ്മുവിന് സ്വന്തമായി ഒരു പശു ഉണ്ടായിരുന്നു. ആ പശുവിനെ കറന്ന് അതിന്റെ പാൽ വിറ്റാണ് അമ്മു വരുമാനമുണ്ടാക്കിയിരുന്നത്. അവളുടെയും മുത്തശ്ശിയുടെയും അന്നന്നത്തെ കാര്യങ്ങൾ ആ വരുമാനം കൊണ്ട് നടന്നരുന്നു.***

***അമ്മു എന്നും അതിരാവിലെ എഴുന്നേൽക്കും. എന്നിട്ട് പശുവിനെ കറന്ന് അതിന്റെ പാൽ എടുത്ത് വിൽക്കാനായി പോവും. അന്ന് ഞായറാഴ്ച ദിവസാമായിരുന്നു. അമ്മുവിന് സ്ക്കുൾ അവധിയാണ്, അതുകൊണ്ട് കുറച്ച് വൈകിയാണ് ഇന്നവൾ പാൽ വിൽക്കാനിറങ്ങിയത് . പതിവ്പോലെ പാലെല്ലാം വിറ്റു. ഇന്നധികം പാൽ കറന്നിരുന്നത് കൊണ്ടുതന്നെ കുറച്ച് പൈസയും അധികം കിട്ടിയിരുന്നു***

പാൽ വിറ്റ് വീട്ടിലേക്ക് തിരിച്ചുവരുന്ന വഴി ഒരു ചെറിയ കാട്ടിൽനിന്നും എന്തോ അനക്കം കേട്ടു. അവൾക്ക് ചെറുതായി പേടിതോന്നിയെങ്കിലും അവൾ ധൈര്യം സംഭരിച്ച് ശബ്ദം കേട്ട സ്ഥലം ലക്ഷ്യമാക്കി നടന്നു. അമ്മു അവിടെക്ക് നോക്കി. ദേഹം മുഴുവൻ മുറിവുകഴുമായിയ അർദ്ധപ്രാണനായി ഒരാൾ അവിടെ കിടക്കുന്നു. അമ്മു ചിന്തിച്ചുനിൽക്കാതെ വേഗം തന്നെ ഗ്രാമത്തിലെ മൂപ്പനെ വിഴിച്ചുകൊണ്ടുവന്നു. മൂപ്പനും ഗ്രാമവാസികളും അയാൾക്ക് വേണ്ടശുശ്രൂഷകൾ എല്ലാം ചെയ്തുകൊടുത്തു. കുറച്ച് മാസങ്ങൾക്കുള്ളൽ തന്നെ അയാൾ സുഖം പ്രാപിച്ചു. ഗ്രാമത്തിനുപുറത്തെ നഗരത്തിലെ അറിയപ്പെടുന്ന സ്വർണവ്യാപാരിയായ രാമു ആയിരുന്നു അത്.

അയാൾ അമ്മുവിനെ ചെന്നുകണ്ട് ഒരുപാട് നന്ദിപറഞ്ഞു. അമ്മുവിനെയും മുത്തശ്ശിയെയും അയാൾ നഗരത്തിലെ അയാളുടെ ഒരു വീട്ടിൽ താമസിപ്പിച്ചു. അമ്മവിനെ നഗരത്തിലെതന്നെ
ഏറ്റവും നല്ല സ്കൂളിൽ പഠിപ്പിച്ചു. അമ്മുവിന്റെ നല്ല മനസ്സ്കൊണ്ട് അവൾക്ക് അവളുടെ സ്വപ്നം നിറവേറ്റാൻ കഴിഞ്ഞു.

ഗുണപാഠം. – നന്മ ചെയ്താൽ അതിനുള്ള പ്രതിഫലനം ഉറപ്പായും കിട്ടും

– പ്രജ്ഞുല

# മാനത്തെ മഴവില്ല്



മാനത്തുള്ളൊരു മഴവില്ലേ
മോഹിപ്പിക്കും മഴവില്ലേ
ഏഴുനിറത്തിൽ മാനത്ത്
പുഞ്ചിരി തൂകും മഴവില്ലേ
ആരാണീനിറമേകിയത്?
മാനത്തെ അമ്പിളിയോ
മിന്നിച്ചിമ്മും താരകമോ?
മഴതോർന്നപ്പോൾ മാനത്ത്
ഉദിച്ച്പൊന്തിയ മഴവില്ലേ
മഴക്കാലത്തിൻ മണിമുത്തേ
നിന്നെക്കാണാനെന്തുരസം
ആഹാ ആഹാ മഴവില്ലേ
നീ മായുമ്പോഴെൻ മനസ്സിന്നുള്ളിൽ
സങ്കടമല്ലോ മഴവില്ലേ....

-പ്രജ്ജ്വല

# ബാല്യം



ഓർമ്മയുലെ ഒരു ബാല്യം
ആരും കൊതിക്കുന്ന ബാല്യം
എന്നാർക്കുമുണ്ടാ ബാല്യം
തേൻകനി പോലുള്ള ബാല്യം
കുന്നിക്കുരു പോലെ സുന്ദരബാര്യം
മഞ്ചാടിയെണ്ണി നടന്ന ബാല്യം
“നെല്ലിക്ക തിന്നിട്ട് വെള്ളം കുടിച്ചെന്നാൽ
അയ്യോ മധുരിക്കുമത്രേ!"
ആരോ പറഞ്ഞൊരാ കൈതവം കേട്ടിട്ട്
അങ്ങനെ ചെയ്തൊരു ബാല്യം
അമ്മതൻ ശാസന കേട്ട ബാല്യം
അച്ഛന്റെ ലാളനയേറ്റ ബാല്യം
അമ്മിഞ്ഞപ്പാൽ പാൽ മധുരമീബാല്യം
ഇന്ന് ഞാനോർത്തുപോമെന്റെ ബാല്യം
പുസ്തകത്താളിലെ മയിൽപ്പീലിപോലെ
ഓർമയിലെന്നു ഞാൻ സൂക്ഷിക്കും ബാല്യം.

വിണ്ണിനെ പൊൻതാരം
അകലെ നിലാവിന്റെ തുവെള്ളി ചിതറുമ്പോൾ
ഇവിടെ ഞാനിരുളിൽ തനിലെ....
വീട്ടിലെ ജാലകപ്പാളിയിലൂടെ ഞാൻ
വിജനതയിലേക്കണ്ട് നോക്കിനിന്നു...

പകലിന്റെ കളിചിരി ഒളിമങ്ങിയോ
അതോ രജനിയടെ തേങ്ങൽ ഞാൻ കേട്ടതാണോ?
അനന്തമാം ആകാശനീലിമയിൽ
കണ്ണുചിമ്മുന്ന താരത്തെ കാൺകെ...
വെണ്മ നിറഞ്ഞൊരു മലയിസെ മുത്ത്
 നിശയുടെ മറ്റൊന്ന് കൂട്ടി....
ആരോ വിതറിയ മണിമുത്ത് പോലവ
മാനത്ത് ചിതറിക്കിടന്നു...
നേരം ഒരുപാട് വൈകിയെന്നായപ്പോൾ
എന്നെ തിരഞ്ഞമ്മ വന്നു...
അതിലോലമാം ആ തലോടനിന്നഥം
അതിവേഗം തന്നെ മനസ്സിലാക്കി...
മനസ്സില്ലാ മനസ്സോടെ ഞാൻ കിടന്നപ്പോൾ
അമ്മ എന്നെ പതിയെ പുണർന്നു...
അമ്മതൻ നെഞ്ചിലെ ചെറുചൂടേറ്റ് ഞാൻ
അറിയാതെ തന്നെ മയങ്ങി...
അന്നേരമെന്റെ കിനാവിൽ നിറയെ
പൊൻചന്ദ്രകറലയായിരുന്നു, നിറയെ

-പ്രജ്വല

# കാത്തിരിപ്പ്

അരോരുമില്ലാത്ത എന്റെ വിദ്യാലയം
അങ്കലാപ്പില്ലാതെ കാത്തിരിക്കുന്നുണ്ടാകാം
അക്ഷരദിപം തെളിച്ച് തിളങ്ങി
സൗഹൃദതണലിൽ തണലിൽ തണുപ്പ് പകർന്ന്
എന്ത്രയോകാലമായ് മണിമുറ്റം പലവട്ടം
കാണാൻ കൊതിച്ചു ഞാൻ
വേദനയുണ്ടിയീ കാലവർഷം
വിദ്യാലായത്തിൽ നിന്നെന്നെയകറ്റി
കോറോണക്കളികളിൽ ലോകം വിറച്ചു.
വഴികളടച്ച, സുരക്ഷയൊരുക്കി
പാരാകെ മാനുഷർ

ഈ കൊച്ചു കുടിലിൽ ഞാനും
പാഴ് സ്മൃതികൾ
നെയ്യു കൂട്ടീടുന്നു.

കാത്തിരിപ്പൂ നല്ല നാളുകൾക്കായി
കാണാൻ കൊതിച്ച കിനാവുകൾക്ക്
കൂട്ടിലടച്ച കിളികളെ പോൽ
വീട്ടു തടങ്കിലിലായി നമ്മൾ.
കൂട്ടുകാരോടൊത്ത് വിശേഷങ്ങളും
പാട്ടും കളിയുമായ് ഉല്ലസിക്കാൻ
കാത്തുവയ്ക്കാം നമ്മ മാനസത്തിൻ
കാത്തിരിപ്പിൻ കാലമെന്നു തീരും

വിദൂരമാം വീതിയിൽ ഞാതേറെ കൊതി-
ച്ച കിനാവുകൾ, കാത്തിരിപ്പ

സഫലമായി
വീണ്ടും മണിമുര്റം പാരാകെ
കണ്ടു ഞാൻ
വീണ്ടും വിത്തുറുളച്ചതൻ
വിദ്യാലയത്തിൽ
കാത്തിരിപ്പിൻ പ്രാർത്ഥന കേട്ടു ദൈവം

–Shivanya.P.S
9 C

# Cursed Generation

**Blessed to be a child of two mother. Conservation goals include conserving habitat, preventing deforestation, maintaining soil organic matter balting species extinction reducing over fisbing and mitigating dimate change.**
**As a lover of Dature it makes me so worry bow carelessly people are throwing away wastes without besitation And the heartboeaking fact is that the young generation are the one who takes a lion's share. people eat on Junk foods and soft drinks and throws it making the body as well as the nature contami. Dated. we say 'Dew generation' 'Those who are more accessable to technology 'who built a developed society, but are thefr boains not develo ped enough to think such a silly thing.**
**If the bumans are the one who who can make most changes in the socfery, then the humans are responsible for its destruction and humans are the solution. Being a part of solution should be our motive bot a part of pollution. If you cannot stop yourself from throwing wastes fust make a**

change by stopping the making of waste, don'teat things that make plastic wastes. If throwing away doesn't buat you, it barts mother nature It buore people who really love nature.

open the eyes bear the call of mothe nature. Don't wait for others waiting it to do someone else is a pure foolishness. Be the change you want to see in the world and everthing will start to change. spread your change to society country and to the whole world.

## Make a Change by

Reduce, Reuse, Recycle

* cut down en what you throw away
Don't send chemicals to waterway

* GO minimal choose reusable goods

*Ear less meat

*volunteer for cleanups in communities



# Plant Trees!

**You cant change your future,but you can change yours habits and surely your habits will change the future**

**-A.P.J ABDUL KALAM**

**VAIBHAVI.M**

# ALONITUDE

IN LIFE'S INCESSANT DIN
AS I SEARCH FOR PEACE WITHIN
WHAT'S THERE HANGING IN THE WARDROBE
OF THE MAJESTIC OCEAN
IN THE SERENE OF MOON...
THE WORLD SEEMED SO BEAUTIFUL
AS IF EVERYTHING IS RESENTFUL.

THERE LAY AHEAD... A SHABBY PATH AND SIGHT
AND A TALL GUARDIAN WITH A BURDEN OF LIGHT
AND IT STOOD LIKE DOGGED ... AT THE DOOR .
DOOR TO THE REALM OF HELL

SOMEWHERE IN THAT NIGHT, I COULD HEAR,...
A CHILD CRIES
WOMEN WEEPS, SOMEONE DIES
AND SOMEWHERE IN THAT NIGHT, HUMANITY HIDES....
WAS THE WHOLE WORLD SO ANGUISHED JUST LIKE ME?

I COULD FEEL MY HEART...
TREMBLING AND SHATTERING
SOME THOUGHT PIERCED ME RIGHT THROUGH THE HEART
STABBING MY SOUL AND MADE IT BLEED ...
BLEED FROM THE ROOT
VEINS ELAPSED AWAY
MY SOUL PASTED AWAY
AND I CRAWLED ALL THE WAY

THE VAST DARK OCEAN BURST OUT
MAKING A MIZZLE TO FLOW OUT
WAS IT A REDEMPTION?
OR MY FOOLISH SPECULATION

THE DARK WHIRLS RACED OUT
DRENCHED SOULS PACED OUT
AND I WAS SPACED OUT
SPACED OUT FROM EVERYONE,
EVERYTHING AND FROM EVERYWHERE

MY LIFE WAS A BLANK SPACE
A DARK BLACK MAZE
WHERE I WAS A LONELY HENCHMEN

MY HEART ACHED FOR A SHOULDER
A SHOULDER TO LEAN ON
TO HANG ON
AND TO BE ON ... AND ON...
IN MY MOMENTS OF SOLITUDE

**NIVEDITHA.M**
**10TH**

# SUICIDE BY TREE

Have you wondered a tree
Committing suicide?
Desperate to be free.
With no other way.



No, They are not faturous
They don’t do it like the silly man.
They are wise
wise enough to face the reality.

But the foolish man
Desperate of the life he is living
Becomes mad enough
to kill himself

Oh! The great trees.
Never cry.
Never complaint about their life.
Long live the trees.

Sreelakshmi R Nair
XL

# MILKY, THE BELOVED DOG

"it was a foggy morning, when he was leaving for the collage. He happened to see a body of a dog surrounded by flies"

George, a ten year old boy whose parents where in abroad for their jobs was living with his grandparents. His parents went to abroad when he was only two old and George haven't seen his parents for eight years. He was living with his grandparents very happily his grandfather gifted him a puppy who was white in colour. He named him milky because he loved drinking milk. George was very happy to have milky as his new friend , they would play together, eat together and even sleep together. Grandparents where very happy to see him play with milky

Years passed and milky had grown up alone with George. It was the time when his grandfather passed away. While consoling his grandmother, saying great thing done by grandfather she said that

‘your father and mother are arriving this week’

George (astound)

‘what? Father and mother? I’m not even considering them as my parents. All i have is you ,grandpa and my milky’

Grandmother

‘But grandson ,even if you halt them they are your parents my deal’

George,’Umm…’

George’s father and mother arrived and went to the church to visit father’s tomb. George was not even talk to them , and was playing with his milky . His parents become arrogant and went to their room .

The next day when he returns from school. she called for milky everywhere but nowhere to be seen. George asked grandma,

‘have you seen milky anywhere grandma ?’

grandma replied,

‘ i’ m very sorry my grandson , your parents sold him to a foreign couple’s

George ( shocked ),

‘what did you just say grandma? Sold ...him ?

My parents...?’

George rushed from his house and went to visit his grandpa’s tomb and cried for hours and return home . From then he did not even speak to his grandma, soon four years after the grandpa’s death , grandma also passed away. And George was going to abroad for higher studies . He joined the collage and made some good friends but even after many years he could not a hold of the death of his grandparents and the memories of the milky he would always wanted in the street like a ghost, lonely . He happened to see a street dog who was kind of like abandoned by his own ’s. George felt pity on him but he could not love another dog because of his beloved milky ’s memories. It was covered with dirt

one day, while George was going to the collage become aware that the dog whom saw the previous day was following him. But he ignored it because he was late for collage and it continued to follow George to his apartment too. He could not sleep peacefully at that night, wondering that could that be his milky. But the ignored his assumption and slept

it was foggy morning, when he was leaving for the collage as usual. He got a stink smell from out side of his apartment. He happened to see a body of a dog which was surrounded by flies. He sat there everything from the bottom of his heart. Because, the dog which followed him the previous day and which he was ignoring every day was his beloved dog milky...

**-fathimath shahanaz musthafa**

## ഇ-മനുഷ്യൻ

പറഞ്ഞതത്രയും കേട്ടിട്ടും
അടിമ പണി ചെയ്യുമ്പോഴും
യന്ത്ര കോലം പതിയെ
ഉള്ളിൽ ചിരിച്ചിരുന്നു.
ഒരു നാൾ തന്റെ കീഴിലാകുന്ന
ലോകത്തെയോർത്ത്!

## ആർട്ടിഫിഷ്യലിസം

മലയിറങ്ങി വന്ന ഊര് മൂപ്പൻ
കണ്ടത് റോന്ത് ചുറ്റുന്ന
ഇരുമ്പിൻ കഷണങ്ങൾ മാത്രമായിരുന്നു.
പ്രോഗ്രാം ചെയ്ത 'മനുഷ്യത്വം' കാരണം
പാവത്തെ അവർ കൊന്നു.

# വിരലാസക്തി

നിലാവുദിച്ച രാത്രിയിൽ...
ചുറ്റിനും ഇരുൾ മഴ
പെയ്തിറങ്ങി തണുക്കുമ്പോഴും...
കണ്ണുകൾക്ക് ആ രൂപത്തെ
മറക്കാനാവുന്നുണ്ടായിരുന്നില്ല.
വിരലുകൾ പതിയെ ചലിക്കുന്നുണ്ടായിരുന്നു
ആർക്കോ വേണ്ടി...

മനസ്സാഹ്ലാദിച്ച് അവനോർത്തു
റിപ്പയർ ചെയ്ത് ഫോണ് ഇന്ന് തിരിച്ച് കിട്ടും.

–Muhammed hadi
10 A

# യന്ത്രക്കോലം

ആ വാതിൽ കൂടി അടക്കെടാ... പതിഞ്ഞ സ്വരത്തിലായിരുന്നു അയാളത് പറഞ്ഞത്. മുറിക്കുള്ളിൽ ആകെ നിശബ്ദതയൊണ്. ഏകാന്തതയുടെ ഇരുൾ നിറഞ്ഞ അവിടമിൽ ഭയമോടെയായിരുന്നു ഓരോ മനുഷ്യരും കനിഞ്ഞിരുന്നത്. ഇന്നേക്ക് നാല് നാളായി... ഇനി എത്ര നാൾ എന്ന ചോദ്യം അവരെ അലട്ടിക്കൊണ്ടിരുന്നു. നക്ഷത്രങ്ങൾക്ക് പകരം തീ ഗോളങ്ങൾ ശര വേഗത്തിൽ പായുന്ന ദൃശ്യങ്ങളായിരുന്നു മൈലാന്ജി ചോപ്പണിഞ്ഞ ആകാശത്ത്... ഇടക്കിടെ തുടരുന്ന സ്ഫോടന ശബ്ദങ്ങളും ഓരോരുത്തരെയും അസ്വസ്ഥരാക്കിയിരുന്നു. താഴ്ത്തി വെച്ച പല നൃജൻ തലകളിൽ നിന്നും നീർമണികൾ ഉരുണ്ടു വീഴുന്നുണ്ടായിരുന്നു. എത്ര വേഗത്തിലാണ് ഓരോന്നും വികസിച്ചത് ? നാം വികസിപ്പിച്ച എഐ തന്നെ നമുക്ക് വിനയാകുമെന്ന് കരുതിയില്ല...! യന്ത്ര കൈകളിൽ നിന്ന് ഇനി ഒരു തിരിച്ച്

വരവുണ്ടോ ആവോ... കൂട്ടത്തിലൊരുവൻ പിറുപിറുത്തു. കേട്ട പാതി കേൾക്കാത്ത പാതി പലരും!പതിയെ പറയുന്നതെങ്കിലും ഓരോ വാക്കിനും കദന ഭാരത്തിന്റെ കനമുണ്ടായിരുന്നു !

ജനലിന് താഴെ ആണ് മിഖായേൽ. ചെറു തുളയിലൂടെ തന്റെ ചിറക് മുളക്കാത്ത ആഗ്രഹങ്ങളെ സ്വപ്നം കാണുകയായിരുന്നു അവൻ...

ചിന്തകൾക്ക് ആഴമേറി കൺപോള എപ്പോഴോയടയാറായപ്പോഴാണവൻ ഒരു നടുക്കുന്ന കാഴ്ച

കണ്ടത്. പൊടി പടലങ്ങൾക്കിടയിൽ നിന്ന് ഒരു യന്ത്രക്കോലം
വെച്ചടി മുന്നോട്ട് വരുന്നു. വറ്റിയ തൊണ്ടയുമായി മിഖായേൽ പറയാനൊരുങ്ങിയതും കൂട്ടത്തിലൊരുവൻ താഴെ വീണ ചുളുങ്ങിയ പേപ്പർ നിവർത്തി വായിച്ചു. ഇനി നമുക്ക് റോബോട്ടുകളുടെ ഹോളോ കാസ്റ്റിൽ അഭയം തേടാം.....

**muhammed hadi**
**10 A**

# ചട്ടഞ്ചാൽ

# ഹയർസെക്കന്ററിസ്കൂൾലിറ്റിൽകൈറ്റ്സ് ബാച്ച്

# 2022 -23



# *SCHOOL ACTIVITIES 2022-23*














# ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്
# - 2022












# പരിസ്ഥിതി ദിനം.. ജൂൺ 5















# കായികോത്സവം
# 2022




















# കലോത്സവം

# 2022










സൈബർ പരിശീലന ക്ലാസ്സ്
നയിച്ച താരങ്ങൾ
അമ്മ അറിയാൻ
സൈബർ
ബോധവൽക്കരണക്ലാസ്
conducted by
ലിറ്റിൽ കൈറ്റ്സ് ടീം

# നന്ദി



ദ്യുതി എന്ന  മാഗസിന്
പിന്നിൽ പ്രവർത്തിച് എല്ലാ
അണിയറ പ്രവർത്തകർക്കും
പ്രത്യേകം നന്ദി പറയാൻ ഈ
അവസരം ഉപയോഗപ്പെടുത്തുന്നു.ലിറ്റിൽ കൈറ്റ്സ്
ചട്ടഞ്ചാൽ യൂണിറ്റിന്റെ മൂന്നാമത്തെ
ഡിജിറ്റൽമാഗസിൻ ആണ്.കഴിഞ്ഞരണ്ടു
മാഗസിനും നിങ്ങൾ  നൽകിയ  അംഗീകാരത്തിന്
ഹൃദയംഗമമായ  നന്ദി
രേഖപ്പെടുത്തുന്നതോടൊപ്പം  ഈ സർഗാത്മക
വിരുന്നിനും നിങ്ങളുടെ അനുഗ്രഹം
ഉണ്ടാകണമെന്ന്  അപേക്ഷിക്കുകയാണ് .

ഷീബ ബി എസ്